## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1731** | **13-02-2025 - ൽ മറുപടിയ്ക്ക്**

## ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നൈപുണ്യവികസന കേന്ദ്രങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. ഐ. ബി. സതീഷ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മുഴുവൻ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും നൈപുണ്യവികസന കേന്ദ്രങ്ങൾ ആരംഭിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. നാലുവർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിച്ച പശ്ചാത്തലത്തിൽ സംസ്ഥാനത്തെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രൊഫഷണൽ നൈപുണ്യ പരിശീലന ഏജൻസികളുമായി സഹകരിച്ച് നൈപുണ്യ വികസന കോഴ്സുകളും കരിയർ പ്ലാനിംഗും നടത്തുന്നതിനായി Centre for Skill Development Courses and Career Planning (CSDCCP) എന്ന പേരിൽ സ്വയംപര്യാപ്ത രീതിയിൽ നൈപുണ്യ വികസനകേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഭാഗമായി നൈപുണ്യവികസന കോഴ്സുകളും കരിയർ പ്ലാനിങ്ങും നടത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | സ്കിൽ കോഴ്സുകൾ നടത്തുന്ന മറ്റ് ഏജൻസികളുമായി ചേർന്ന് വിദ്യാർത്ഥികൾക്ക് നൈപുണ്യ വികസന കോഴ്സുകൾ നൽകുന്നതിന് CSDCCPകൾക്ക് നിർദേശം നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (സി) | സംസ്ഥാനത്തെ ആർട്സ് & സയൻസ് കോളേജുകളിൽ വിദ്യാർത്ഥികളിൽ നിലനിൽക്കുന്ന സ്കിൽ വിടവുകൾ മറികടക്കുന്നതിനായി, സ്കിൽ ഫൗണ്ടേഷൻ കോഴ്സുകൾ രൂപപ്പെടുത്തണമെന്ന് ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷനുകളുടെ റിപ്പോർട്ടുകളിൽ നിർദേശിച്ചിരുന്നു. ഇതിന്റെ കൂടി അടിസ്ഥാനത്തിലാണ് നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ ഭാഗമായി പുറത്തിറക്കിയ കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കരിക്കുലം ഫ്രെയിംവർക്കിൽ സ്കിൽ എഡ്യൂക്കേഷനും, വൊക്കേഷണൽ എഡ്യൂക്കേഷനും ബിരുദ കരിക്കുലത്തിന്റെ ഭാഗമാക്കി ഉൾപ്പെടുത്തിയത്. |
| (ഡി) | നൈപുണ്യ വികസനം, കരിയർ പ്ലാനിംഗ് തുടങ്ങിയ മേഖലകളിൽ എന്തെല്ലാം മാറ്റങ്ങൾ പ്രതീക്ഷിക്കുന്നുവെന്ന് അറിയിക്കുമോ? | (ഡി) | പ്രസ്തുത പദ്ധതിയിലൂടെ, നിലവിൽ വിദ്യാർത്ഥികളിൽ നിലനിൽക്കുന്ന സ്കിൽ വിടവുകൾ നികത്തി, അവരെ തൊഴിൽ പ്രാപ്തരാക്കാനും, ഉന്നതവിദ്യാഭ്യാസ- |

| | | | |
|---|---|---|---|
| | | | വ്യവസായ linkage ശക്തിപ്പെടുത്താനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ